പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 100 — 29.09.2011-ൽ മറുപടിയ്ക്ക്

## ഹോട്ടലുകൾക്ക് നികുതിയിളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം മേഖല വികസിപ്പിക്കുന്നതിന് ഹോട്ടലുകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | എ) ടൂറിസം മേഖലയുടെ വികസനത്തിന് ഹോട്ടലുകൾക്ക് താഴെ പറയുന്ന പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ച കരട് ടൂറിസം നയത്തിൽ ഉദ്ദേശിക്കുന്നുണ്ട്.<br>1) 10 കോടി രൂപയിൽ കൂടുതൽ മുതൽ മുടക്കുള്ള പദ്ധതികൾക്ക് അതിവേഗ ക്ലിയറൻസ്.<br>2) ഉത്തരവാദിത്വ ടൂറിസം ക്ലാസിഫിക്കേഷൻ ലഭിയ്ക്കുന്ന ഹോട്ടലുകൾക്ക് ആകെ മുതൽ മുടക്കിന്റെ 15% പരമാവധി 20 ലക്ഷം രൂപ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്ന പദ്ധതി.<br>3) വടക്കൻ ജില്ലകളിലെ ഗ്രാമീണ പ്രദേശത്ത് നിർമ്മിക്കുന്ന ഹോട്ടലുകൾക്ക് ആദ്യത്തെ 5 വർഷത്തേക്ക് ലക്ഷ്വറി ടാക്സ് ഇളവ്. |
| (ബി) വിനോദ സഞ്ചാര മേഖലയിൽ പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിൽ നിശ്ചിത വർഷത്തേക്ക് നികുതി ഇളവ് പ്രഖ്യാപിക്കുമോ; | ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) എങ്കിൽ ആദ്യഘട്ടമെന്ന നിലയിൽ എവിടെയെല്ലാമാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; | സി) ബാധകമല്ല. |
| ഡി) പിന്നോക്കമേഖലയിൽ പുതിയ ഹോട്ടലുകൾ തുറക്കാൻ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ? | ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ